# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1005 — 06.06.2018-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br>1. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2. കാറ്റിൽഫീഡ് പദ്ധതി<br>3. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>4. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>5. ഹീഫർ പാർക്ക്<br>6. ക്ഷീരഗ്രാമം<br>7. ഡയറി സോൺ<br>8. കന്നുകുട്ടി ദത്തെടുക്കൽ<br>9. ക്ഷീര കർഷകർക്കുള്ള ബോധ വത്കരണ പരിപാടി<br>മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ബാക്ക്യാർഡ് പൗൾട്ടി ഡെവലപ്പ്മെന്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ തെന്മല (ആര്യങ്കാവ്) എന്നിവിടങ്ങളിൽ പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ പാൽ പരിശോധന ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ പാലിന്റെ ഗുണനിലവാരം |

| | |
|---|---|
| | നിർണ്ണയിക്കുന്നതിന് പര്യാപ്തമാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡാർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നാഷണൽ മിൽക്ക് സർവ്വേ പ്രോഗ്രാം പ്രകാരം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പാലിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. |
| (സി) ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാന അതിർത്തിയിലുള്ള മറ്റു ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെട്ടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**